# കേരള സർക്കാർ – ജലവിഭവ വകുപ്പ്
## ദർഘാസ് പരസ്യം

**നമ്പർ : ഡി.ബി. 125/2018-19.**

*അസി. എക്സി. എൻജിനീയറുടെ കാര്യാലയം,*
*ചെറുകിട ജലസേചന വിഭാഗംസബ്ബ് ഡിവിഷൻ,*
*പാലാ– 686 575,* **തീയതി : 07.03.2019.**

കേരള സംസ്ഥാന ഗവർണ്ണർക്ക് വേണ്ടി ചെറുകിട ജലസേചന വിഭാഗം സബ്ബ് ഡിവിഷൻ പാലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ താഴെ പറയുന്ന പ്രവർത്തിക്ക് കേരള ജലസേചന / പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും, നിശ്ചിത യോഗ്യതയുള്ളതുമായ അംഗീകൃത കരാറുകാരിൽ നിന്നും പ്രവർത്തിയുടെ പേരെഴുതി മുദ്ര വച്ച കവറിൽ മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. ദർഘാസുകൾ താഴെ കാണിച്ചിട്ടുള്ള തീയതിയിൽ വൈകിട്ട് 3 മണി വരെ രജിസ്ട്രേഡ്/സ്പീഡ് പോസ്റ്റ് മുഖേന മാത്രം സ്വീകരിക്കുന്നതാണ്. ദർഘാസുകൾ അന്നേ ദിവസം വൈകുന്നേരം 3.30 മണിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറോ, അദ്ദേഹം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. പ്രസ്തുത ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം അവസാന തീയതിയായി കണക്കാക്കേണ്ടതാണ്. തപാലിൽ വരാവുന്ന കാലതാമസത്തിന് കരാറുകാരൻ ഉത്തരവാദിയായിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം |
|---|---|---|---|---|
| 1 | 01/AEE/ 2018-19 | എസ്.ഡി.ആർ.എഫ്-എം.ഐ.സബ്-പാലാ-കടപ്ളാമറ്റം പഞ്ചായത്തിലെ 12-ാം വാർഡിലെ മാർകുഴിയിൽ തോടിന്റെ പാർശ്വസംരക്ഷണ പ്രവർത്തി | 1,50,000/- | 3800/- |

കുറിപ്പ് :-

1. ദർഘാസ് പ്രമാണത്തിന്റെ വില - 500/- + GST
2. പ്രവർത്തി ചെയ്തു തീർക്കേണ്ട കാലാവധി - 4 മാസം
3. കരാറുകാരന്റെ രജിസ്ട്രേഷൻ യോഗ്യത -ക്ലാസ് എ,ബി,സി,ഡി

ദർഘാസ് പ്രമാണത്തിന്റെ വിൽപന തീയതിയും സമയവും - 15.03.2019 ഉച്ചയ്ക്ക് 1 മണിവരെ

പൂരിപ്പിച്ച ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 21.03.2019 ഉച്ചയ്ക്ക് ശേഷം 3.00 മണിവരെ

ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും : 21.03.2019 ഉച്ചയ്ക്ക് ശേഷം 3.30 മണി

ദർഘാസുകൾ, അപേക്ഷിക്കുന്ന നിശ്ചിത വിഭാഗം കരാറുകാർക്ക് താഴെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും അവസാന വിൽപന ദിവസം ഉച്ചക്ക് 1.00 മണിവരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ വില ട്രഷറിയിൽ അടച്ച് രസീത് കരാറുകാരൻ ഹാജരാക്കേണ്ടതാണ്. ദർഘാസ് ഫോറങ്ങൾ കരാറുകാർ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. കേരള ജലസേചന / പൊതുമരാമത്ത് വകുപ്പുകളിലെ ദർഘാസുകൾ സംബന്ധിച്ച എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും. നിരതദ്രവ്യമായി എടുക്കുന്ന നാഷണൽ സേവിംഗ് സർട്ടിഫിക്കറ്റ് / കിസാൻ വികാസ് പത്ര, നാഷണലൈസ്ഡ് / ഷെഡ്യൂൾ ബാങ്ക് രസീതുകൾ എന്നിവ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ പണയപ്പെടുത്തിയിരിക്കേണ്ടതും ആവശ്യമായ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പിട്ടിരിക്കേണ്ടതുമാണ്. ( ഇന്ദിര വികാസ് പത്രങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങളിലെ രസീതുകൾ എന്നിവ നിരതദ്രവ്യമായി സ്വികരിക്കുന്നതല്ല.) തൊഴിലാളി സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന ദർഘാസിനോടൊപ്പം അവരുടെ കൈവശമുള്ള എല്ലാ ജോലികളുടേയും വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്. കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ 8/3 വകുപ്പു ഈ ദർഘാസിനും ബാധകമായിരിക്കും.

Office of the Asst. Executive Engineer M.I. Sub Division
IRRIGATION DEPT.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ
(കേരള സംസ്ഥാന ഗവർണ്ണർക്ക് വേണ്ടി)
Assistant Executive Engineer
Minor Irrigation Sub Division
Pala

പകർപ്പ്:
1) എക്സിക്യൂട്ടീവ് എൻജിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ,കോട്ടയം
2) സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സർക്കിൾ, തിരുവനന്തപുരം
3) നോട്ടീസ് ബോർഡ്.